## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3845** **15.05.2017 ൽ മറുപടിയ്ക്ക്**

### ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഭൂമി പതിച്ചു നൽകിയവരുടെ പേര് വിവരവും

**ചോദ്യം**
**ശ്രീ. സി. കൃഷ്ണൻ**

**മറുപടി**
**ശ്രീ. ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | 2011-16 കാലത്തെ സർക്കാർ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലൂടെ എത്ര ഹെക്ടർ ഭൂമിയാണ് പതിച്ചു നൽകിയത്; | (എ) 2011-16 കാലത്തെ സർക്കാർ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 709.28 ഹെക്ടർ ഭൂമി പതിച്ചു നൽകി ഉത്തരവായിരുന്നു. |
| (ബി) | നിയമപരമായ എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണോ ഈ ഭൂമി വിതരണം ചെയ്തത്; | (ബി) ഭൂമി പതിവ് ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന നടപടികൾ സ്വീകരിച്ചു കൊണ്ടാണ് ഭൂമി അനുവദിച്ചിട്ടുള്ളത്. ഭൂമി ബന്ധപ്പെട്ടവർക്ക് കൈമാറുന്ന പ്രവൃത്തി പൂർത്തിയായിട്ടില്ല. |
| (സി) | എത്ര പേർക്കാണ് ഭൂമി പതിച്ചു നൽകിയത്; | (സി) പദ്ധതി പ്രകാരം 14 ജില്ലകളിലായി 58398 പേർക്ക് ഭൂമി പതിച്ചു നൽകാൻ ഉത്തരവായിട്ടുണ്ട്. |
| (ഡി) | 50 സെന്റിന് മുകളിൽ പതിച്ചു നൽകിയവരുടെ പേര് വിവരവും ഭൂമിയുടെ വിസ്തീർണ്ണവും വ്യക്തമാക്കാമോ? | (ഡി)ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുന്നതിനായി 3 സെന്റ് ഭൂമി വീതമാണ് പതിച്ചു നൽകുന്നത്. പദ്ധതി പ്രകാരം മൂന്ന് സെന്റിൽ കൂടുതൽ പതിച്ച് നൽകിയിട്ടില്ല |

സെക്ഷൻ ഓഫീസർ